### സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം
### എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്
# സർട്ടിഫിക്കറ്റ് ഇൻ ലൈറ്റിംഗ് ഡിസൈൻ (CLD)
## 2025 ജൂലൈ സെഷൻ

### പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് **2025 ജൂലൈ** സെഷനിൽ ആരംഭിക്കുന്ന **സർട്ടിഫിക്കറ്റ് ഇൻ ലൈറ്റിംഗ് ഡിസൈൻ (CLD)** പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കാമിയോ ലൈറ്റ്സ് അക്കാദമിയുടെ സഹായത്തോടെയാണ് തിയറി പ്രാക്ടിക്കൽ ക്ലാസുകൾ സംഘടിപ്പിക്കുന്നത്. ആറു മാസമാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. LD001: Basics of Lighting
2. LD002: Procedure of Lighting Design
3. LD003: Live & Studio Practicals
4. LD004: Practical

ആറുമാസം ദൈർഘ്യമുള്ള പ്രോഗ്രാമിന്റെ തിയറി പ്രാക്ടിക്കൽ ക്ലാസ്സുകൾ തിരുവനന്തപുരം കാമിയോ ലൈറ്റ് അക്കാദമിയുടെ നേതൃത്വത്തിലാണ് (9447399019) നടത്തപ്പെടുന്നത്. തിയറി പ്രാക്ടിക്കൽ ക്ലാസുകൾ, സ്വയം പഠന സഹായികൾ, ഇന്റേൺഷിപ്പ്, എന്നീ മാർഗങ്ങളിലൂടെയാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാം പുരോഗമിക്കുന്നത്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം. പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസ്സ് അഥവാ തത്തുല്യ യോഗ്യതയാണ്.

കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഒരു സർട്ടിഫൈഡ് ലൈറ്റിംഗ് ആർട്ടിസ്റ്റിന് വേണ്ട അറിവും കഴിവും നൈപുണ്യവും ലഭിക്കും. കമ്പ്യൂട്ടർ നിയന്ത്രിത സ്റ്റേജ് ലൈറ്റിംഗ്, ഇന്റീരിയർ ലൈറ്റിംഗ്, ടെലിവിഷൻ പ്രൊഡക്ഷൻ ലൈറ്റിംഗ്, ആംബിയൻസ് ലൈറ്റിംഗ്, ആർക്കിടെക്ചറൽ ലൈറ്റിംഗ്, എന്നിങ്ങനെ ലൈറ്റിംഗ് ടെക്നിക്കുകളും അത്യാധുനിക ലൈറ്റിംഗ് കൺസോളിൽ പരിശീലനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്റേൺഷിപ്പും പ്രോഗ്രാമിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സർട്ടിഫിക്കറ്റ് പ്രോഗ്രാമിൽ ചേരുന്നതിനുള്ള ഫീസ് അപേക്ഷ ഫീസിനത്തിൽ 200/- രൂപ കൂടി ചേർത്ത് 1,00,200/- രൂപയാണ്. ഫീസ് രണ്ടു തവണയായി അടയ്ക്കുന്നതിന് സൗകര്യമുണ്ട്. ആദ്യ തവണയായി 50,200/ രൂപയാണ് പ്രോഗ്രാം ഫീസിനത്തിൽ അടയ്ക്കേണ്ടത്. ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കുന്നതിന് https://app.srccc.in/register എന്ന ലിങ്കിലൂടെ കഴിയും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2025 ജൂൺ 30 ആണ്. വിശദവിവരങ്ങൾ. തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി. ഓഫീസിൽ നിന്ന് നേരിട്ടും ലഭിക്കും. വിലാസം: ഡയറക്ടർ,

സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി. ഒ., തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464. വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. പഠന കേന്ദ്രത്തിന്റെ വിശദാംശങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പറും ചുവടെ ചേർക്കുന്നു.

| Contact Details of Study Centre<br>offering Certificate in Lighting Design (CLD) | | |
|---|---|---|
| 1 | Thiruvanathapuram | Cameo Light Academy, Aithadi Ln, Prasanth Nagar, Ulloor, Medical College P. O., Thiruvananthapuram, Kerala, Pin- 695011, Mob: 9447399019 |

Sd/-
**ഡയറക്ടർ**